വിജിലൻസ് കമ്മീഷൻ

53 [1182] ശ്രീമതി ശോഭനാ ജോർജ്ജ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്ന വിജിലൻസ് കമ്മീഷന്റെ പ്രവർത്തനം തുടങ്ങുന്നതിൽ കാലതാമസം വരുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

വിജിലൻസ് കമ്മീഷനെ സംബന്ധിച്ച് കരട് ബില്ല് ഭരണ ഘടനയുടെ അനുച്ഛേദം 213 (1) അനുസരിച്ചുള്ള പ്രസിഡന്റിന്റെ അംഗീകാരത്തിന് വേണ്ടി കേന്ദ്ര ഗവൺമെന്റിലേക്ക് അയച്ചിരിക്കുകയാണ്.

കൈക്കൂലി വാങ്ങിയ സർക്കാർ ജീവനക്കാർ

54 [1183] ശ്രീ. എ. യൂനസ്കുഞ്ഞ്:
,, കെ. കെ. അബു:
,, ഇസ്ഹാക്ക് കുരിക്കൾ:
,, നാലകത്ത് സൂപ്പി:
,, കല്ലടി മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു തൊട്ടുമുൻപുള്ള വർഷം മുതൽ നാളിതുവരെ ഓരോ വർഷവും സർക്കാർ ഉദ്യോഗസ്ഥൻമാർ കൈക്കൂലി വാങ്ങിയതായി എത്ര പരാതികൾ ലഭിച്ചു;

(ബി) എത്രയെണ്ണത്തിൽ അന്വേഷണം നടത്തിയെന്നും ശിക്ഷ നടപ്പാക്കി എന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1994-ൽ 100 പരാതികളും, 1995-ൽ 77 പരാതികളും 1996-ൽ 14 പരാതികളും ലഭിച്ചിട്ടുണ്ട്.

(ബി) 87 എണ്ണത്തിൽ അന്വേഷണം നടത്തി ശിക്ഷണ നടപടികൾ സ്വീകരിച്ചുവരുന്നു. ബാക്കിയുള്ളവയിൽ അന്വേഷണം പൂർത്തിയായിട്ടില്ല.

ആദിവാസി വിദ്യാർത്ഥിനികളെ ലൈംഗിക പീഡനത്തിന് ഇരയാക്കിയ സംഭവം

55 [1184] ശ്രീ. എം. വിജയകുമാർ:
,, വി. ജെ. തങ്കപ്പൻ:
,, വർക്കല രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് ആദിവാസി വനിതാ ഹോസ്റ്റലിലെ അന്തേവാസികളായ വിദ്യാർത്ഥിനികളെ ലൈംഗിക പീഡനത്തിനിരയാക്കിയ സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly